"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്-കേരള അഗ്നിരക്ഷാ സേവനം-ഫയർ & റസ്ക്യൂ സർവീസസ് അക്കാദമിയിൽ പരിശീലനത്തിനിടയിൽ കോവിഡ് 19 വ്യാപനത്തിന്റെ സാധ്യത കണക്കിലെടുത്ത് ബ്രേക്ക് അനുവദിച്ച കാലയളവ് ഒരു പ്രത്യേക കേസായി കണക്കാക്കി പ്രൊബേഷന് പരിഗണിക്കുന്നതിന് അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര(എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1521/2024/HOME തീയതി,തിരുവനന്തപുരം, 31-05-2024

---

പരാമർശം:- 1. അഗ്നിരക്ഷാ സേവന വകുപ്പ് ഡയറക്ടർ ജനറലിന്റെ 29/09/2023, 04/04/2024 തീയതികളിലെ FIREHQ/1198/2023-E2 നം കത്ത്.

**ഉത്തരവ്**

ഫയർ & റസ്ക്യൂ വകുപ്പിൽ 33 മത് ബാച്ച് ഫയർ & റസ്ക്യൂ ഓഫീസർ തസ്തികയിലേക്ക് ഫയർ & റസ്ക്യൂ സർവീസസ് അക്കാദമിയിൽ നടത്തിയ പരിശീലനത്തിനിടയിൽ കോവിഡ് 19 വ്യാപനത്തിന്റെ സാധ്യത കണക്കിലെടുത്ത് 24/02/2021 തീയതി മുതൽ 28/03/2021 തീയതി വരെയുള്ള 33 ദിവസം ബ്രേക്ക് അനുവദിച്ച് ഉത്തരവായിരുന്നുവെന്നും പ്രസ്തുത കാലയളവ് പ്രൊബേഷന് പരിഗണിക്കാമോ എന്നത് സംബന്ധിച്ച് മാർഗ നിർദേശം നൽകണമെന്നും അഗ്നിരക്ഷാ സേവന വകുപ്പ് ഡയറക്ടർ ജനറൽ പരാമർശം പ്രകാരം അപേക്ഷിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു കോവിഡ് 19 വ്യാപനത്തിന്റെ സാധ്യത കണക്കിലെടുത്ത് 24/2/2021 മുതൽ 28/3/2021 വരെ 33 ദിവസം ബ്രേക്ക് അനുവദിച്ച കാലയളവ് ഡ്യൂട്ടി പോലെ കണക്കാക്കി സ്റ്റൈപൻഡ് ആനുകൂല്യങ്ങൾ അനുവദിക്കപ്പെട്ടിട്ടുള്ളതിനാൽ, പ്രസ്തുത കാലയളവ് ഒരു പ്രത്യേക കേസായി കണക്കാക്കി പ്രൊബേഷന് പരിഗണിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ ജനറൽ, ഫയർ & റസ്ക്യൂ സർവീസസ്, തിരുവനന്തപുരം

ശ്രീ.എം.കെ മണികണ്ഠൻ, ഫയർ & റസ്ക്യൂ ഓഫീസർ ( ഡയറക്ടർ ജനറൽ മുഖേന)

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ( ADV-A1/355/2023-P&ARD)

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി ആർ ഡി

കരുതൽ ഫയൽ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Shabeer S
Date: 31-05-2024 12:04:45

സെക്ഷൻ ഓഫീസർ